LIBRARY ARCHIVES Kerala Legislative Assembly

കാസർഗോഡ് മലബാർ പാക്കേജിൽ ഉൾപ്പെടുത്തി മിനി സിവിൽ സ്റ്റേഷൻ നിർമ്മാണം

237 (4591) ശ്രീ. സി. ടി. അഹമ്മദ് അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് താലൂക്ക് ഓഫീസിനോടനുബന്ധിച്ച് മലബാർ പാക്കേജിൽ ഉൾപ്പെടുത്തി മിനി സിവിൽ സ്റ്റേഷൻ നിർമ്മിക്കാൻ തീരുമാനിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ അതിന്റെ എസ്റ്റിമേറ്റ് തുക എത്രയാണെന്ന് വ്യക്തമാക്കുമോ ;

(ബി) ഇതിന്റെ പ്ലാനും എസ്റ്റിമേറ്റും അംഗീകരിച്ചിട്ടുണ്ടോ ;

(സി) എങ്കിൽ എന്നത്തേക്ക് പണിയാരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) മാന്ദ്യ വിരുദ്ധ പാക്കേജിൽ ഉൾപ്പെടുത്തി മിനി സിവിൽ സ്റ്റേഷൻ നിർമ്മിക്കാൻ 150 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി & സി) ആർക്കിടെക്ച്ചറൽ ഡ്രോയിംഗ് തയ്യാറാക്കിയശേഷം വിശദമായ എസ്റ്റിമേറ്റ് എടുത്ത് സാങ്കേതിക അനുമതി നൽകി, ടെൻഡർ നടപടിക്രമങ്ങൾ പൂർത്തിയാക്കിയാൽ മാത്രമേ പണി ആരംഭിക്കുവാൻ കഴിയുകയുള്ളു.

മിനി സിവിൽ സ്റ്റേഷൻ സ്ഥാപിക്കുന്നതിന് നടപടി

238 (4592) ശ്രീ. യു. സി. രാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് ജില്ലയിൽ മുക്കം മിനി സിവിൽ സ്റ്റേഷൻ സ്ഥാപിക്കുന്നതിന് 2009-10 വർഷത്തെ ബജറ്റിൽ 155 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) മിനി സിവിൽ സ്റ്റേഷൻ സ്ഥാപിക്കുവാൻ കണ്ടെത്തിയ പൊതുമരാമത്ത് വകുപ്പിന്റെ ഉടമസ്ഥതയിലുള്ള 1.38 ഏക്കർ സ്ഥലത്തിന്റെ പ്രൊപ്പോസൽ സർക്കാരിന് ലഭിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ;

(സി) മിനി സിവിൽ സ്റ്റേഷന്റെ പ്രവൃത്തി ആരംഭിക്കാൻ എന്തെല്ലാം നടപടികളാണ് ഇനി പൂർത്തിയാക്കാനുള്ളത് എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) കോഴിക്കോട് ജില്ലയിൽ മുക്കം മിനി സിവിൽ സ്റ്റേഷൻ സ്ഥാപിക്കുന്നതിന് മാന്ദ്യ വിരുദ്ധ പാക്കേജിൽ ഉൾപ്പെടുത്തി 150 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.